# സ്കൂളിലേക്ക് പോകാൻ തയ്യാറാകാം

**സ്കൂൾ പഠനം ആരംഭിക്കുന്നതിലൂടെ കുട്ടികൾക്കും കുടുംബങ്ങൾക്കും വലിയൊരു അവസരമാണ് തുറക്കുന്നത്. പുതിയ ആളുകളെയും സ്ഥലങ്ങളെയും പരിചയപ്പെടുന്നതും പുതിയ ദിനചര്യകൾ ചെയ്തുതുടങ്ങുന്നതും ആവേശകരവും – വെല്ലുവിളി നിറഞ്ഞതുമാണ്. കുട്ടിയുടെ സ്കൂൾ ജീവിതത്തിന് നല്ല തുടക്കം ലഭിക്കാൻ നിങ്ങൾക്ക് ചെയ്യാനാകുന്ന നിരവധി കാര്യങ്ങളുണ്ട്.**

## എന്താണ് സ്കൂൾ ജീവിതത്തിന്റെ നല്ല തുടക്കം?

കുട്ടികളുടെ ആദ്യ അധ്യാപകർ അവരുടെ കുടുംബാംഗങ്ങളും കെയററർമാരുമാണ്. കുട്ടികളുമായി നിങ്ങൾ വീട്ടിൽ ചെയ്യുന്ന കാര്യങ്ങൾ അവരുടെ പഠന വികാസ പ്രക്രിയയിലും സ്കൂൾ പഠനം ആരംഭിക്കുന്നതിനായി തയ്യാറെടുക്കാനും സഹായിക്കുന്നു. **കളികളിലൂടെയാണ്** നിങ്ങളുടെ കുട്ടിയെ അവരുടെ പഠന വികാസ പ്രക്രിയയിൽ മികച്ച രീതിയിൽ സഹായിക്കാൻ കഴിയുക.

സ്കൂൾ ജീവിതത്തിന്റെ മികച്ച തുടക്കം നന്നായി പഠിക്കാനും സ്കൂൾ ജീവിതം സന്തോഷകരമാക്കാനും കുട്ടികളെ സഹായിക്കുന്നു. കൂടാതെ, കുട്ടികൾ സ്കൂളിലായിരിക്കുമ്പോൾ അവർ പഠിച്ചുകൊണ്ടിരിക്കാൻ താൽപ്പര്യപ്പെടുന്നു. നിങ്ങളുടെ കുട്ടിയുടെ വ്യക്തിപരമായ ആവശ്യങ്ങൾ നിറവേറ്റാനും ആവശ്യമെങ്കിൽ അധിക പിന്തുണ നൽകാനും കുട്ടിയുടെ സ്കൂൾ നന്നായി പരിശ്രമിക്കുന്നതാണ്. കുട്ടിക്ക് സ്കൂളിലെ അന്തരീക്ഷവുമായി പൊരുത്തപ്പെടുന്നതിനും സ്കൂളിൽ സുരക്ഷിതത്വവും ആത്മവിശ്വാസവും തോന്നുന്നതിനും സൗഹൃദങ്ങൾ സ്ഥാപിക്കുന്നതിനും സഹായകരമായ കാര്യങ്ങൾ ചെയ്ത് നിങ്ങൾക്കും അവരെ സഹായിക്കാനാകും.

## വീട്ടിലെ കളിയും പഠനവും

നിങ്ങളുടെ കുട്ടിയെ സഹായിക്കാൻ കഴിയുന്ന മികച്ച മാർഗ്ഗം കളികളാണ്. എണ്ണൽ, അടുക്കൽ, ഗ്രൂപ്പിംഗ്, സൈസിംഗ് തുടങ്ങി ഗണിത സംബന്ധമായി ജീവിതകാലത്തേക്ക് ആവശ്യമായ കഴിവുകൾ ആർജ്ജിക്കാൻ കളികൾ സഹായിക്കുന്നു. പ്രകൃതിയെയും ശാസ്ത്രത്തെയും മനസ്സിലാക്കാനും ക്രിയാത്മകമാകാനും കളികൾ നിങ്ങളുടെ കുട്ടിയെ സഹായിക്കുന്നു. നിങ്ങളുടെ കുട്ടി കളിക്കുമ്പോൾ, വികാരങ്ങളെ കുറിച്ച് മനസ്സിലാക്കുകയും ഭാഷയും സാക്ഷരതയുമായി ബന്ധപ്പെട്ട ശേഷികൾ വികസിപ്പിക്കുകയും ചെയ്യുന്നു. വീട്ടിൽ ചെയ്യാവുന്ന ചില കാര്യങ്ങൾ ചുവടെ നൽകിയിരിക്കുന്നു:

- **ദൈനംദിന പ്രവർത്തനങ്ങൾ:** പാചകം, മേശ തയ്യാറാക്കുന്നതും വൃത്തിയാക്കുന്നതും കഴുകുന്നതും അടുക്കി വയ്ക്കുന്നതും വസ്ത്രങ്ങളും

കളിപ്പാട്ടങ്ങളും സൂക്ഷിച്ചുവയ്ക്കുന്നത് ചെടികളെയും വളർത്തുമൃഗങ്ങളെയും പരിപാലിക്കുന്നത് തുടങ്ങിയ ദൈനംദിന പ്രവർത്തനങ്ങളിലൂടെ കുട്ടികൾക്ക് പഠിക്കാൻ കഴിയും. '*നമുക്ക് എത്ര കപ്പ് മൈദ ആവശ്യമുണ്ട്?*', '*ഒരേപോലെയുള്ള സോക്സുകൾ കണ്ടെത്താമോ?*' തുടങ്ങിയ ചോദ്യങ്ങൾ ചോദിച്ച് നിങ്ങൾക്ക് കുട്ടിയെ പഠിക്കാൻ സഹായിക്കാം

- **ഗെയിമുകൾ:** യുഎൻഒ, സ്നാപ്പ്, മെമ്മറി, ഐ സ്പൈ, ഒളിച്ചേ കണ്ടേ തുടങ്ങിയ ലളിതമായ കളികൾ കളിക്കുന്നത് മനസ്സിലാക്കാനും ക്രമത്തിൽ കാര്യങ്ങൾ ചെയ്യാനും കുട്ടിയെ സഹായിക്കുന്നു.
- **ബിൽഡിംഗ് ബ്ലോക്കുകൾ:** ലീഗോ, വുഡൻ ബ്ലോക്കുകൾ, കാർഡ്ബോർഡ് ബോക്സുകൾ എന്നിവ പോലുള്ള ബ്ലോക്കുകൾ ഉപയോഗിച്ച് ബിൽഡിംഗ് ഉണ്ടാക്കി കളിക്കുന്നത് മോട്ടോർ ശേഷികൾ നന്നായി വികസിക്കാനും ക്രിയാത്മകമായി ചിന്തിക്കാനും പ്രശ്നങ്ങൾ പരിഹരിക്കാനും നിങ്ങളുടെ കുട്ടിയെ സഹായിക്കുന്നു.
- **കലയും കരകൗശലവും**: കലാ, കരകൗശല പ്രവർത്തനങ്ങളും ക്രിയാത്മകതയും മോട്ടോർ ശേഷികളും പ്രശ്ന പരിഹാര ശേഷികളും വികസിപ്പിക്കാൻ സഹായിക്കുന്നു.
- വസ്ത്രധാരണം: പഴയ വസ്ത്രങ്ങൾ ധരിച്ച് മറ്റ് കഥാപാത്രങ്ങളായി അഭിനയിക്കുന്നത് ക്രിയാത്മകതയും ഭാഷാ ശേഷിയും സൃഷ്ടിക്കുന്നു.
- **സംഗീതവും കഥകളും നൃത്തവും:** വായന, കഥപറച്ചിൽ, സംഗീതം കേൾക്കുന്നതും നൃത്തം ചെയ്യുന്നതും വീട്ടിലോ പൂന്തോട്ടത്തിലോ ഉള്ള വസ്തുക്കൾ കണ്ടെത്തുന്നതുനുള്ള 'നിധി കണ്ടെത്തൽ' തുടങ്ങിയവയെല്ലാം നിങ്ങളുടെ കുട്ടിയിൽ ഭാഷാ ശേഷി സൃഷ്ടിക്കുന്നു.
- **പുറത്തെ കളികൾ:** നടത്തം, കയറൽ, ബൈക്കോ സ്കൂട്ടറോ ഓടിക്കുന്നത്, കളിസ്ഥലത്തേക്ക് പോകുന്നത്, ക്യൂബികൾ സൃഷ്ടിക്കുന്നത്, പന്ത് എറിഞ്ഞ് പിടിക്കുന്നത്, ടെന്നീസ് റാക്കറ്റ് കൊണ്ടോ സോഫ്റ്റ് ക്രിക്കറ്റ് ബാറ്റ് കൊണ്ടോ സോഫ്റ്റ് ബോൾ അടിക്കുന്നത്, ചെളിയിലും മണ്ണിലും കുഴിക്കുന്നത് – ഇവയെല്ലാം നിങ്ങളുടെ കുട്ടിയുടെ പഠന, വികാസ പ്രക്രിയയ്ക്ക് സഹായിക്കുന്നു.
- **അന്വേഷിക്കുക, ചോദ്യങ്ങൾ ചോദിക്കുക:** കുട്ടി കളിക്കുമ്പോൾ, '*നിനക്ക് ഇത് വിശദീകരിക്കാമോ...?*', '*ഇങ്ങനെ ഉണ്ടായാൽ എന്തുചെയ്യും...?*', '*നീ അതിന് എങ്ങനെ ഉത്തരം നൽകും...?*' *തുടങ്ങിയ ചോദ്യങ്ങൾ ചോദിക്കുക*
- **ദിനചര്യകൾ:** എല്ലാ ദിവസവും ഒരേസമയം തന്നെ കാര്യങ്ങൾ ചെയ്യുന്നതിലൂടെ എന്തൊക്കെയാണ് ചെയ്യേണ്ടതെന്നും തങ്ങളുടെ വികാരങ്ങളെ നിയന്ത്രിക്കേണ്ടത് എങ്ങനെയാണെന്നും നിങ്ങളുടെ കുട്ടിക്ക് മനസ്സിലാക്കാൻ കഴിയും. സ്കൂളിന്റെ അന്തരീക്ഷവുമായി ചേർന്നുപോകാൻ ദിനചര്യകൾ കുട്ടികളെ സഹായിക്കുന്നു. ഉറങ്ങാനുള്ള ദിനചര്യ ഉണ്ടായിരിക്കുന്നത് പ്രധാനമാണ്, ഉദാഹരണത്തിന്: കുളിക്കുക, വസ്ത്രം

ധരിക്കുക, അത്താഴം കഴിക്കുക, പല്ല് തേയ്ക്കുക, പുസ്തകങ്ങൾ വായിക്കുക, ഉറങ്ങുക തുടങ്ങിയവ.

## സ്കൂൾ പരിചിതമാകുക

'സ്കൂളിനായി തയ്യാറാകുക' എന്നാൽ അക്കാദമിക പഠനം മാത്രമല്ല, സ്കൂൾ എന്തായിരിക്കുമെന്ന് മനസ്സിലാക്കുക, അതിനെ കുറിച്ച് പോസിറ്റീവ് പ്രതീക്ഷകൾ ഉണ്ടായിരിക്കുക എന്നത് കൂടിയാണ്. കുട്ടിയെ സഹായിക്കുന്നതിനായി ചെയ്യാവുന്ന ചില കാര്യങ്ങൾ ചുവടെ നൽകിയിരിക്കുന്നു:

- നിങ്ങളുടെ കുട്ടിയുടെ കിൻഡർഗാർട്ടനോ സ്കൂളോ നടത്തുന്ന, സ്കൂളിലേക്കുള്ള ട്രാൻസിഷൻ എന്ന പരിപാടികളിൽ ഏതിലെങ്കിലും പങ്കെടുക്കുക.
- സ്കൂളിലേക്കും തിരിച്ചുമുള്ള യാത്ര പരിശീലിക്കുക.
- ഒരേ സ്കൂളിലേക്ക് പോകുന്ന മറ്റ് കുട്ടികൾക്കൊപ്പം കളിക്കാൻ നിങ്ങളുടെ കുട്ടിയെ അനുവദിക്കുക.
- വസ്ത്രം ധരിക്കുന്നത്, ടോയ്‌ലറ്റിൽ പോകുന്നത്, കൈകൾ കഴുകുന്നത്, സൺസ്ക്രീൻ പുരട്ടുന്നത്, സ്കൂൾ ബാഗ് പായ്ക്ക് ചെയ്ത് കൊണ്ടുപോകുന്നത് തുടങ്ങിയ കാര്യങ്ങൾ ചെയ്യുന്നത് എങ്ങനെയാണെന്ന് പരിശീലിപ്പിക്കുന്നതിലൂടെ സ്വതന്ത്രമായി കാര്യങ്ങൾ ചെയ്യാൻ കുട്ടിയെ പഠിപ്പിക്കുക.
- സ്കൂൾ പഠനം തുടങ്ങാൻ പോകുന്നതിനെ കുറിച്ച് സംസാരിക്കുക. സ്കൂൾ പഠനം തുടങ്ങുന്നതിൽ കുട്ടികളിൽ ആകാംക്ഷ ജനിപ്പിക്കുക, ഒപ്പം അവർക്ക് എന്തെങ്കിലും ആശങ്കകൾ ഉണ്ടെങ്കിൽ പരിഹരിക്കുക.
- സ്കൂൾ പഠനം ആരംഭിക്കുന്നതിനെ കുറിച്ചുള്ള പുസ്തകങ്ങൾ വായിക്കുകയോ കഥകൾ പറയുകയോ ചെയ്യുക.
- സ്കൂളിന് ശേഷമുള്ള കാര്യങ്ങളെ കുറിച്ച് സംസാരിക്കുകയും പരിശീലിക്കുകയും ചെയ്യുക.
- സ്കൂളിന്റെ പ്രവർത്തന സമയം പരിശോധിച്ചും കുട്ടിയെ ഡ്രോപ്പ് ചെയ്യുകയും കൂട്ടിക്കൊണ്ട് പോകുകയും ചെയ്യേണ്ട സ്ഥലം കണ്ടെത്തിയും പിക്കപ്പ് ചെയ്യാനും ഡ്രോപ്പ് ചെയ്യാനും തയ്യാറെടുക്കുക.
- കഴിയുമെങ്കിൽ, അധ്യാപകരുടെ പേര് ഉപയോഗിച്ച് തുടങ്ങുക.

## നിങ്ങളുടെ കുട്ടിയുടെ കിൻഡർഗാർട്ടന് എങ്ങനെ സഹായിക്കാൻ കഴിയും

കിൻഡർഗാർട്ടനും സ്കൂളിലേക്ക് പോകാൻ തയ്യാറെടുക്കുന്ന കുട്ടികളെ സഹായിക്കാനാകും. കിൻഡർഗാർട്ടനിൽ, കുട്ടികൾ കളികളിലൂടെ ശേഷികൾ വികസിപ്പിക്കുകയും മറ്റുള്ളവർക്കൊപ്പം കൂട്ടുകാരെ സൃഷ്ടിക്കുകയും ചെയ്യുന്നു.

**ട്രാൻസിഷൻ ലേണിംഗ്, ഡവലപ്പ്മെന്റ് പ്രസ്താവന (ട്രാൻസിഷൻ സ്റ്റേറ്റ്മെന്റ്)** എഴുതി നിങ്ങളുടെ കുട്ടിയുടെ കിൻഡർഗാർട്ടൻ അധ്യാപകർക്ക് കിൻഡർഗാർട്ടനിൽ

നിന്ന് സ്കൂളിലേക്കുള്ള കുട്ടിയുടെ മാറ്റത്തിന് സഹായിക്കും. കുട്ടിയുടെ ഭാവിയിലെ സ്കൂളിലേക്ക് ട്രാൻസിഷൻ പ്രസ്താവന നൽകുന്നു. നിങ്ങളുടെ കുട്ടിയുടെ കഴിവുകൾ, കരുത്ത്, താൽപ്പര്യങ്ങൾ എന്നിവയെ കുറിച്ചും അവർ എങ്ങനെ നന്നായി പഠിക്കുമെന്നും ഇതിൽ വിവരിക്കുന്നു. കുട്ടിയുടെ ട്രാൻസിഷൻ പ്രസ്താവന പൂരിപ്പിക്കുന്നതിനായി സഹായിക്കാൻ നിങ്ങളോടും ആവശ്യപ്പെടും, നിങ്ങളുടെ കുട്ടിക്കും തന്റെ അഭിപ്രായങ്ങളും വികാരങ്ങളും പങ്കിടാനാകും.

ട്രാൻസിഷൻ പ്രസ്താവനയെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക്, ഡിപ്പാർട്ട്മെന്റിന്റെ വെബ്സൈറ്റ് സന്ദർശിക്കുക (ചുവടെ കാണുക).

## കൂടുതലറിയുക

- സ്കൂൾ പഠനം ആരംഭിക്കാനുള്ള ടിപ്സ് (education.vic.gov.au)
- കിൻഡർഗാർട്ടനിൽ നിന്ന് സ്കൂളിലേക്ക് മാറുന്നത് (education.vic.gov.au)
- ഒരു സ്കൂൾ തിരഞ്ഞെടുത്ത് എൻറോൾ ചെയ്യുന്നത് എങ്ങനെ (education.vic.gov.au)
- സ്കൂൾ പഠനം ആരംഭിക്കുന്നത്: നിങ്ങളുടെ കുട്ടിയെ സജ്ജമാക്കുന്നത് | കുട്ടികളുടെ നെറ്റ്വർക്ക് വളർത്തുന്നത്
- സ്കൂൾ പഠനത്തിന്റെ ആരോഗ്യകരമായ തുടക്കം - ബെറ്റർ ഹെൽത്ത് ചാനൽ
- സ്കൂളിലേക്കുള്ള ട്രാൻസിഷനായി കുടുംബങ്ങൾക്കുള്ള റിസോഴ്സുകൾ (education.vic.gov.au)